# Career related first Degree Programme under CBCS System and all new generation programmes

## Group 2 A

| | | |
|---|---|---|
| **സെമസ്റ്റർ** | : | **I** |
| **കോഴ്സ് കോഡ്** | : | **ML 1111.3** |
| **ലാംഗ്വേജ് കോഴ്സ്** | : | **II (അഡീഷണൽ ലാംഗ്വേജ് കോഴ്സ് I)** |
| **സമയക്രമം** | : | **ആഴ്ചയിൽ 5 മണിക്കൂർ (18 ആഴ്ചയിൽ 90 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **3** |

## ഗദ്യസാഹിത്യം

**(പുസ്തകം: ഗദ്യമഞ്ജരി - യൂണിവേഴ്സിറ്റി പ്രസിദ്ധീകരണം)**

**പഠനഫലപ്രാപ്തി**

1. മലയാളത്തിലെ നോവൽ, ചെറുകഥ, ഉപന്യാസം, പഠനം, ജീവചരിത്രം, ആത്മകഥ, യാത്രാനുഭവം ഇവയെ പരിചയപ്പെടുന്നതുവഴി മലയാളഗദ്യത്തിന്റെ വിവിധ മാതൃകകൾ മനസ്സിലാക്കുന്നു.
2. ഭാഷയുടെ പ്രയോഗസാധ്യതകൾ പ്രമേയവൈവിധ്യങ്ങൾ ഇവ വിദ്യാർത്ഥികൾ വിശകലനവിധേയമാക്കുന്നു.
3. കൃതികളുടെ സാംസ്കാരികവും സാമൂഹികവുമായ നിലപാടുകളുമായി സംവദിക്കുകവഴി ഗദ്യസാഹിത്യത്തിന്റെ സൗന്ദര്യാത്മകമായ സവിശേഷതകൾ തിരിച്ചറിയാനും വിലയിരുത്താനുമുള്ള പ്രാപ്തി കൈവരുന്നു.
4. ഭാഷാശുദ്ധി, തർജ്ജമ, ഉപന്യാസരചന ഇവയിലൂടെ നല്ല മലയാളമെഴുതാൻ വിദ്യാർത്ഥികൾ പ്രാപ്തി നേടുന്നു. സൃഷ്ടിവൈഭവവും പ്രയോഗവൈദഗ്ദ്ധ്യവും നേടുന്നു.

### മൊഡ്യൂൾ : ഒന്ന് (18 മണിക്കൂർ)

### നോവൽ

**പഠനഫലപ്രാപ്തി**

1. ആദ്യകാലനോവലിന്റെ സവിശേഷതകൾ, വ്യത്യസ്ത ഘട്ടങ്ങൾ, വ്യത്യസ്ത നിലപാടുകൾ, ഉള്ളടക്കവും രൂപവുമായി ബന്ധപ്പെട്ട സമീപനങ്ങൾ ഇവ അപഗ്രഥിക്കുന്നു.
2. നോവലിന്റെ ഭാവുകത്വപരിണാമം, വിഭിന്ന നോവൽരൂപങ്ങളുടെ പ്രത്യേകതകൾ ഇവ അപഗ്രഥനവിധേയമാക്കുന്നു.
3. പുതിയ നോവലുകളെ സൗന്ദര്യാത്മകമായി വിലയിരുത്താൻ കഴിയുന്നു.

മലയാളനോവൽ - പ്രാരംഭരൂപങ്ങൾ - ആദ്യകാല എഴുത്തുകാർ - നോവലിന്റെ

വികാസഘട്ടം – വിഭിന്ന നോവൽരൂപങ്ങൾ – എഴുത്തുകാർ. ആധുനിക വീക്ഷണം – കൃതികൾ – എഴുത്തുകാർ – സമകാലനോവൽ – സാമാന്യാവലോകനം

**വിശദപഠനം:**

അഗ്നിസാക്ഷി – ലളിതാംബിക അന്തർജനം

## മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

## ചെറുകഥ

**പഠനഫലപ്രാപ്തി**

1. ആനുകാലികങ്ങളുടെ പ്രചാരം നലയാള ചെറുകഥയുടെ വളർച്ചയെ സഹായിച്ചതെങ്ങനെയെന്നു മനസ്സിലാക്കി ഗദ്യഭാഷയുടെ വികാസത്തെക്കുറിച്ച് സാമാന്യധാരണ രൂപീകരിക്കുന്നു.
2. മലയാളചെറുകഥയുടെ വികാസപരിണാമഘട്ടങ്ങൾ വിമർശനാത്മകമായി വിലയിരുത്താൻ കഴിയുന്നു.
3. സമകാലിക ചെറുകഥയെ സൗന്ദര്യാത്മകമായി മനസ്സിലാക്കി പുതുസൃഷ്ടികൾ നടത്താൻ കഴിയുന്നു.

ആനുകാലികങ്ങളുടെ പ്രചാരം – മലയാള ചെറുകഥയുടെ വികാസ പരിണാമ ഘട്ടങ്ങൾ – കൃതികൾ – കഥാകൃത്തുക്കൾ – രചനാസമീപനങ്ങൾ.

**വിശദപഠനം**

1. തഹസീൽദാരുടെ അച്ഛൻ – തകഴി
2. മൂന്നാമതൊരാൾ – മുണ്ടൂർ കൃഷ്ണൻകുട്ടി
3. കാല്പാടുകൾ – അഷിത
4. വില്ലുവണ്ടി – രേഖ. കെ

## മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

## ഉപന്യാസം, പഠനം

**പഠനഫലപ്രാപ്തി**

1. ഉപന്യാസങ്ങളുടെ പരിണാമചരിത്രം അന്വേഷിച്ചറിയുന്നു.
2. പ്രധാനപ്പെട്ട ഉപന്യാസ സമാഹാരങ്ങൾ ലാവണ്യശാസ്ത്രപരമായും സാമൂഹികശാസ്ത്രപരമായും അപഗ്രഥിക്കുന്നതിലൂടെ നമ്മുടെ സാമൂഹിക സാംസ്കാരിക രംഗങ്ങളിലുണ്ടായ പരിവർത്തനങ്ങളിൽ ഉപന്യാസങ്ങൾ ചെലുത്തിയ സ്വാധീനങ്ങളെക്കുറിച്ച് പൊതുനിഗമനങ്ങൾ രൂപീകരിക്കുന്നു.

ഉപന്യാസങ്ങളുടെ ആവിർഭാവം – ഉപന്യാസസമാഹാരങ്ങൾ – ഉപന്യാസശാഖയെ സമ്പന്നമാക്കിയ എഴുത്തുകാർ – വിഷയവൈവിധ്യം – ഗദ്യാവിഷ്കരണത്തിലെ തെളിമ – വിഷയാപഗ്രഥനങ്ങൾ

1. പേരുകൾ – ഇ.വി.കൃഷ്ണപിള്ള
2. വിലമതിക്കാനാവാത്ത നമ്മുടെ സമ്പത്ത്– കെ.പി.കേശവമേനോൻ
3. പള്ളിക്കുന്ന് – ടി.പത്മനാഭൻ
4. മങ്ങുന്ന ഭാഷ മറയുന്ന നാട് – എം.എൻ.വിജയൻ
5. സമൂഹവും മഹാപുരുഷനും – എം.ലീലാവതി

## മൊഡ്യൂൾ : നാല് (18 മണിക്കൂർ)
## ജീവചരിത്രം, ആത്മകഥ, യാത്രാസാഹിത്യം

**പഠനഫലപ്രാപ്തി**

1. മലയാളസാഹിത്യപഠനത്തിൽ ജീവചരിത്രം, ആത്മകഥ, യാത്രാനുഭവം എന്നിവയ്ക്കുള്ള സവിശേഷസ്ഥാനം ഉൾക്കൊള്ളുന്നതിലൂടെ അവയുടെ സാമൂഹികവും സാംസ്കാരികവുമായ നിലപാടുകളോട് സംവദിക്കാൻ കഴിയുന്നു.
2. മലയാളസാഹിത്യത്തിലെ ശ്രദ്ധേയമായ ജീവചരിത്രങ്ങൾ, ആത്മകഥകൾ, യാത്രാനുഭവങ്ങൾ എന്നിവ വിലയിരുത്തുകയും പൊതുനിഗമനങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നു.
3. യാത്രാനുഭവങ്ങൾ മനുഷ്യജീവിതത്തെ നവീകരിക്കുന്നു എന്നുള്ള അവബോധത്തിലൂടെ സമകാലിക സാഹിത്യപ്രവണതകൾ മനസ്സിലാക്കി സ്വന്തം യാത്രാനുഭവങ്ങൾ എഴുതാൻ പ്രാപ്തി നേടുന്നു.
4. വ്യക്തിചരിത്രത്തിന്റെ പഠനത്തിലൂടെ സാമൂഹികജീവിതത്തെ വിമർശനാത്മകമായി അപഗ്രഥിക്കുവാൻ കഴിയുന്നു.

ജീവചരിത്രം, ആത്മകഥ, യാത്രാനുഭവം – രചനാസവിശേഷതകൾ – സാഹിത്യ രൂപങ്ങളുടെ സാമാന്യപരിചയം

**വിശദപഠനം**

പച്ചവിരൽ – ദയാബായി

## മൊഡ്യൂൾ : അഞ്ച് (18 മണിക്കൂർ)
## ഭാഷാശുദ്ധി, തർജ്ജമ, ഉപന്യാസരചന

**പഠനഫലപ്രാപ്തി**

1. വാക്യശുദ്ധിയോടും പദശുദ്ധിയോടും കൂടി നല്ല ഗദ്യമെഴുതാൻ പരിശീലനം ലഭിക്കുന്നു.
2. പൊതുവിഷയത്തെ ആസ്പദമാക്കി ഉപന്യാസമെഴുതാനുള്ള ശ്രമങ്ങളിൽ ഏർപ്പെടുന്നു.
3. ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്കും തിരിച്ചുമുള്ള വിവർത്തനം സാധ്യമാകുന്നു.
4. രണ്ട് ഭാഷകളിലുമുള്ള സാംസ്കാരികവും സൗന്ദര്യാത്മകവുമായ സൂക്ഷ്മാപഗ്രഥനത്തിലൂടെ സംസ്കാരങ്ങളെ കൂട്ടിയിണക്കുന്ന കണ്ണിയായി മാറാനുള്ള പ്രചോദനം വിവർത്തന പരിശീലനത്തിലൂടെ ലഭിക്കുന്നു.

വാക്യശുദ്ധി, പദശുദ്ധി, പൊതുവിഷയത്തെ ആസ്പദമാക്കി – ഉപന്യാസം. തർജ്ജമ – ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്ക്.

**പ്രായോഗികപരിശീലനം**

1. ഭാഷാശുദ്ധി വികസിപ്പിക്കുന്നതിനായുള്ള രചനാപരിശീലനങ്ങൾ നടത്തണം.
2. പൊതുവിഷയങ്ങൾ നൽകി ഉപന്യാസങ്ങൾ രചിക്കാനുള്ള പരിശീലനം നൽകണം.
3. മലയാളത്തിൽനിന്നും ഇംഗ്ലീഷിലേക്കും ഇംഗ്ലീഷിൽനിന്നും മലയാളത്തിലേക്കും തർജ്ജമ നടത്തുന്നതിനുള്ള അവസരം നൽകണം.

**സഹായകഗ്രന്ഥങ്ങൾ**


1. നോവൽ സാഹിത്യചരിത്രം : ഡോ. കെ. എം. തരകൻ.
2. ആത്മകഥാസാഹിത്യം മലയാളത്തിൽ : ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ.
3. ആത്മകഥാസാഹിത്യം മലയാളത്തിൽ : ഡോ. വിജയാലയം ജയകുമാർ.
4. യാത്രാവിവരണം - എം. കെ മാധവൻ നായർ (സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, എഡി. ഡോ. കെ. എം. ജോർജ്).
5. സഞ്ചാരസാഹിത്യം - ഡോ. ടി. ജി. മാധവൻകുട്ടി.
6. സഞ്ചാരസാഹിത്യം മലയാളത്തിൽ - വി. രമേഷ്ചന്ദ്രൻ.
7. സമ്പൂർണ്ണ മലയാളസാഹിത്യചരിത്രം - (എഡി.) പന്മന രാമചന്ദ്രൻ നായർ.
8. ജീവിതചിന്തകൾ- കെ.പി.കേശവമേനോൻ
9. നല്ല ഭാഷ -പന്മന രാമചന്ദ്രൻനായർ
10. തെളിമലയാളം - എം.എൻ.കാരശ്ശേരി
11. വിവർത്തനവിചാരം - എൻ.ഇ.വിശ്വനാഥയ്യർ
12. പ്രായോഗിക വിവർത്തന വിചിന്തനം - ഡോ.വിജയകുമാരൻ സി.പി.വി
13. ഭാഷാശുദ്ധിയും ഭരണഭാഷയും - ഡോ.വിളക്കുടി രാജേന്ദ്രൻ